# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4468 20/10/2011 ൽ മറുപടിയ്ക്ക്

### ഹെഡ്ക്വാർട്ടേഴ്സ് നിയമനത്തിലെ സീനിയോറിറ്റി

ചോദ്യം: ഉത്തരം:

ശ്രീ. പി.സി. വിഷ്ണുനാഥ്

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

പി.എസ്.സി. മുഖാന്തിരം ജില്ലാതല റിക്രൂട്ട്മെന്റ് നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവർ സ്വന്തം ജില്ലയിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന്റെ ഓഫിസ് ഇല്ലാത്തതിനാൽ അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി സ്വന്തം ജില്ലയിൽ സേവനം ചെയ്യുമ്പോൾ അവരുടെ സീനിയോറിറ്റി, പ്രൊമോഷൻ മുതലായ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് 8-6-2006-ലെ ഒ.പി.നമ്പർ 4034/03 കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1-3-1997-ന് ശേഷം നിയമനം ലഭിച്ചവർക്ക് കൂടി ബാധകമാകുന്ന തരത്തിൽ ഉത്തരവാകുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന വിധിന്യായത്തിന്റെ പകർപ്പ് ഈ വകുപ്പിൽ സ്വീകരിച്ചിട്ടില്ലയെന്നത് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ 4.3.2010-ലെ G.O(P)5/2010/ P&ARD നമ്പർ ഉത്തരവ് പ്രകാരം ജില്ല പി.എസ്.സി.-യിൽനിന്നും ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജില്ല യൂണിറ്റ് ഇല്ലാതെ ഓഫീസുകളിൽ നിയമിതരാകുന്ന ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് അവർ തെരഞ്ഞെടുക്കപ്പെട്ട ജില്ലയിലേക്ക് പോകുമ്പോൾ അവരുടെ സീനിയോറിറ്റി പി.എസ്.സിയുടെ അഡ്വൈസ് തീയതി മുതലായിരിക്കും കണക്കാക്കുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം ഉൾപ്പെടുത്തി ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്. എന്നാൽ ഈ ആനുകൂല്യം മറ്റു വിഭാഗത്തിൽപ്പെട്ട നിയമനങ്ങൾക്ക് ബാധകമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ